20067
14/12/16

**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- എസ് എസ് എൽ സി പരീക്ഷ-മാർച്ച് 2017-കാൻഡിഡേച്ചർ ക്യാൻസൽഡ് കാൻഡിഡേറ്റ്സ് (സി സി സി), അറ്റൻഡൻസ് റീ ക്ലപ്പ്ഡ് കാൻഡിഡേറ്റ്സ് (എ ആർ സി) വിഭാഗം (2015-16) വിദ്യാർത്ഥികളെ റെഗുലർ ഓൾഡ് സ്കീം വിഭാഗത്തിൽപ്പെടുത്തി പഴയ സ്കീം അനുസരിച്ചുള്ള ചോദ്യപേപ്പറിൽ പരീക്ഷ എഴുതാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

ജി.ഒ.(ആർ.റ്റി.) നം.4191/2016/പൊ.വി.വ. തീയതി, തിരുവനന്തപുരം, 08/12/2016

---

പരാമർശം:-(1) 06.08.2016 ലെ പരീക്ഷാ ഭവൻ സെക്രട്ടറിയുടെ ഇ.എക്സ്.സി.ജനറൽ1/40000/2016/സി.ജി.ഇ നമ്പർ കത്ത്

(2) 20.10.2016 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇ.എക്സ്.സി.ജനറൽ1/40000/2016/സി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

2016-17 അദ്ധ്യയനവർഷം മുതൽ 10-ാം തരം വിദ്യാർത്ഥികൾ പുതിയ സിലബസിലാണ് അദ്ധ്യയനം നടത്തുന്നത്. എന്നാൽ 2015-16 ൽ നിലവിലുണ്ടായിരുന്ന സ്കീമിൽ പഠിച്ച കാൻഡിഡേച്ചർ ക്യാൻസൽഡ് കാൻഡിഡേറ്റ്സിനും (2016 മാർച്ചിൽ പരീക്ഷയെഴുതാൻ രജിസ്റ്റർ ചെയ്യുകയും പിന്നീട് പ്രത്യേക കാരണങ്ങളാൽ പരീക്ഷാർത്ഥിത്വം റദ്ദാക്കി പരീക്ഷ എഴുതാതെയിരുന്ന വിദ്യാർത്ഥികൾ), അറ്റൻഡൻസ് റീക്ലപ്പ്ഡ് കാൻഡിഡേറ്റ്സിനും (2015-2016 അദ്ധ്യയനവർഷം 10-ാം ക്ലാസിൽ പഠിക്കുമ്പോൾ ഹാജർ കുറവായതുമൂലം പരീക്ഷയെഴുതാൻ കഴിയാതെ പിന്നീട് അടുത്ത അദ്ധ്യയനവർഷം ആ സ്കൂളിൽ പുന:പ്രവേശനം നേടുകയും നഷ്ടപ്പെട്ട ഹാജർ നേടുകയും ചെയ്യുന്ന വിദ്യാർത്ഥികൾ) അവർ പഴയ സ്കീമിലെ പാഠഭാഗങ്ങൾ പൂർണ്ണമായും പഠിച്ചതായതുകൊണ്ട് ഈ വർഷം നിലവിൽ വന്ന പുതിയ സ്കീമിലെ പാഠഭാഗങ്ങൾ പഠിക്കുക ദുഷ്കരവും, പൂർണ്ണമായിട്ടുള്ള അദ്ധ്യയനം ക്ലാസ് മുറികളിൽ ലഭ്യമാകാത്തതുമായതിനാൽ പ്രസ്തുത വിദ്യാർത്ഥികളെ റഗുലർ ഓൾഡ് സ്കീം വിഭാഗത്തിൽപ്പെടുത്തി, എസ് എസ് എൽ സി പരീക്ഷയ്ക്ക് പഴയ സ്കീം അനുസരിച്ചുള്ള ചോദ്യപേപ്പറിൽ പരീക്ഷ എഴുതുന്നതിന് അനുമതി നൽകണമെന്ന് സൂചന (1) പ്രകാരം പരീക്ഷാ ഭവൻ സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറും സൂചന (2) പ്രകാരം പ്രസ്തുത ആവശ്യം അംഗീകരിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കാൻഡിഡേച്ചർ ക്യാൻസൽഡ് കാൻഡിഡേറ്റ്സിനും അറ്റൻഡൻസ് റീക്ലപ്പ്ഡ് കാൻഡിഡേറ്റ്സിനും 2017 മാർച്ചിൽ നടക്കുന്ന എസ് എസ് എൽ സി പരീക്ഷയിൽ 2015 – 16 ലെ പഴയ സ്കീം അനുസരിച്ചുള്ള ചോദ്യപേപ്പറിൽ പരീക്ഷ എഴുതാൻ അനുമതി നൽകി റെഗുലർ ഓൾഡ് സ്കീം വിഭാഗത്തിൽപ്പെടുത്തി എസ് എസ് എൽ സി പരീക്ഷയുടെ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ പരീക്ഷാ കമ്മീഷണർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**രമ.പി.നായർ**

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, പരീക്ഷാ ഭവൻ,തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ )വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ